# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.643 — 29/11/2018-ൽ മറുപടിക്ക്

### ബാരാപോൾ ജലവൈദ്യുതി പദ്ധതി

| | ചോദ്യം<br>**ശ്രീ.സണ്ണി ജോസഫ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഉരുൾപൊട്ടലിനെ തുടർന്ന് ബാരാ പോൾ ജലവൈദ്യുതി പദ്ധതിയ്ക്ക് വന്ന നാശനഷ്ടങ്ങൾ എത്രയാണ്; | (എ) | ഉരുൾപൊട്ടലിനെ തുടർന്ന് ബാരാ പോൾ ജലവൈദ്യുതി പദ്ധതിയ്ക്ക് ഏകദേശം 80 ലക്ഷം (എൺപതു ലക്ഷം) രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ട്രഞ്ച് വിയർ, ഡിസിൽറ്റിംഗ് ടാങ്ക്, കനാൽ, ഫോർബേ ടാങ്ക്, ടെയിൽ റെയിസ് എന്നിവിടങ്ങളിൽ നിറഞ്ഞ കല്ലുകളും ചെളിയും നീക്കം ചെയ്തു. പവർ ഹൗസിലെ യന്ത്രസാമഗ്രികളുടെ ക്ഷതം സംഭവിച്ച ഭാഗങ്ങൾ മാറ്റി സ്ഥാപിച്ചു. കൂടാതെ പവർ ഹൗസിന്റെ റൂഫിങ്ങ് ഷീറ്റ്, ജനലുകൾ എന്നിവയും പുതുതായി മാറ്റിവച്ചു. കനാലിൽ ചോർച്ച ഉള്ള ഭാഗം കണ്ടെത്തി ചോർച്ച തടയുന്നതിനുള്ള (leak proofing) ജോലി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ